(ബി) ഇടുക്കി പോലുള്ള ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ വഴി അവിടത്തെ ഭൂപ്രകൃതിക്കും കാർഷിക രീതിക്കും അനുയോജ്യമായ യന്ത്രസാമഗ്രികൾ പ്രത്യേകിച്ച് 'ജോണ്ടിയർ' ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 35 കേന്ദ്രങ്ങളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചു. ഈ സാമ്പത്തികവർഷം സംസ്ഥാനത്ത് 50 കേന്ദ്രങ്ങളിൽ കൂടി അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങാനുള്ള പദ്ധതിയുണ്ട്. കാർഷിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി ഒരു അഗ്രോ സർവ്വീസ് സെന്ററിന് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ യന്ത്രസാമഗ്രികൾ കർഷകർക്ക് മിതമായി വാടകയ്ക്ക് നൽകുന്നതാണ്. കൂടാതെ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രാരംഭ ചെലവുകൾക്ക് 7 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്ങനെ അഗ്രോ സർവ്വീസ് സെന്ററിന് 32 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളുടെയും സുഗമമായ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി തീരുമാനിക്കുന്ന യന്ത്രോപകരണങ്ങളാണ് വാങ്ങുന്നത്. ഇടുക്കി പോലുള്ള ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് അവിടത്തെ ഭൂപ്രകൃതിക്കും കാർഷിക രീതിക്കും അനുയോജ്യമായ യന്ത്ര സാമഗ്രികൾ കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങാവുന്നതാണ്.

റബർ കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ

24 (*714) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യൂ റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇറക്കുമതി ചുങ്കം കുറച്ചും അവധി വ്യാപാരം നടത്തിയും റബ്ബറിന് വിലയിടിവ് സൃഷ്ടിച്ചതിനെതിരെ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അങ്ങാടി വിലയിൽ നിന്ന് എത്ര രൂപ കൂട്ടിയാണ് റബ്ബർ സംഭരിക്കുന്നത് ;

(ഇ) സംസ്ഥാന സർക്കാർ നടത്തിയ റബ്ബർ സംഭരണം പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ&ബി) കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ പഠന വിധേയമാക്കിയിട്ടില്ല. എന്നാൽ റബ്ബറിനുണ്ടാകുന്ന വിലയിടിവ് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നുണ്ട്.

(സി) അന്താരാഷ്ട്ര വിലയിലുണ്ടായ വിലയിടിവും ഇന്ത്യയിലെ കുറഞ്ഞ ഇറക്കുമതി തീരുവയും കാരണം രാജ്യത്ത് റബ്ബർ ഇറക്കുമതി വർദ്ധിക്കുകയും റബ്ബറിന് വിലയിടിവ് നേരിടുകയും ചെയ്തിട്ടുണ്ട്.

റബ്ബർ വിലയിടിവ് നേരിടുവാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ റബ്ബറിന്റെ ഇറക്കുമതിക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കുക, സ്വാഭാവിക റബ്ബറിന്റെ എല്ലാ ഗ്രേഡിലുമുള്ള ഇറക്കുമതി തീരുവ ഇപ്പോൾ ലാറ്റക്സ് തീരുവയായ 70 ശതമാനത്തിനോടൊപ്പമാക്കി നിജപ്പെടുത്തുക, സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ കയറ്റുമതി സബ്സിഡി ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല പ്രാവശ്യം നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്ര ധനകാര്യ (റവന്യൂ വകുപ്പ്) മന്ത്രാലയത്തിന്റെ നമ്പർ 51/2013 കസ്റ്റംസ് തീയതി 20-12-2013 നോട്ടിഫിക്കേഷൻ പ്രകാരം 2013 ഡിസംബർ 20 മുതൽ റബ്ബറിന്റെ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് ആ നിരക്ക് എന്നാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോക്ക് 2 രൂപ കൂടുതൽ നൽകിയാണ് റബ്ബർ സംഭരിക്കുന്നത്.

(ഇ) റബ്ബർസംഭരണ പദ്ധതിയുടെ ആദ്യഘട്ടം 10000 ടൺ റബ്ബർ സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംഭരണ ലക്ഷ്യം കൈവരിക്കുന്നതോടെ റബ്ബർ വിലയിടിവ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly